ദിവാൻപേഷ്കാരായിരുന്ന മിസ്റ്റർ അച്യുതമേനോൻ ആ സ്ഥാനത്തുനിന്നും മാറിയാൽ അതേസ്ഥാനത്തേക്കു് അദ്ദേഹത്തെപ്പോലെ പ്രാപ്തനായ ഒരാളെ നിയമിക്കാനുണ്ടാകുമോ എന്നു വിചാരിച്ചിരിക്കുമ്പോഴാണു് കൊച്ചി രാജ്യത്തിലെ സകല ജനങ്ങൾക്കും നീതിനിഷ്ഠനെന്നു തോന്നിട്ടുള്ള സത്യസന്ധനായ ഒരാളെ ആ സ്ഥാനത്തേക്കു നിയമിച്ചതു്. ദിവാൻജി അവർകൾ നമ്മുടെ നാടുവാഴികളുടെ കാര്യത്തിലും ശുപാർശിച്ചിട്ടുണ്ടെന്നുള്ളതു് കൊച്ചിയിലെ എല്ലാജനങ്ങൾക്കും ഒരുപോലെ തൃപ്തികരമാണു്. ഇങ്ങിനെയുള്ള ഒരു ദിവാൻജിയായിരുന്നില്ലെങ്കിൽ ഇന്നത്തെ ദിവാൻപേഷ്കാരായിരിക്കുന്ന മിസ്റ്റർ മാധവപ്രഭുവിനു ഗവണ്മെണ്ടു സർവ്വീസിൽ കയറിപ്പറ്റുവാൻ സാധിക്കുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതുപോലെ സ്ഥാനങ്ങളെ അലങ്കരിക്കുന്ന ആളു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതിൽ കൊച്ചി ഗവൺമെൻറിനേയും വിശിഷ്യാ ദിവാൻജി അവർകളേയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിച്ചുകൊള്ളുന്നു.

ഇനി റൂറൽ ഡവലപ്പ്മെൻറിനെപ്പറ്റിയാണ് എനിക്കു പറയാനുള്ളതു്. ആ ഡിപ്പാർട്ടുമെൻറ് ഞങ്ങളുടെ കയ്യിൽ നിക്ഷേപിച്ചിട്ടുള്ള ഒന്നാണ്. ഞങ്ങളുടെ കയ്യിൽ തന്നു എന്നു വ്യാജേന ഗവൺമെൻറിൻറെ കയ്യിൽതന്നെ സകലാധികാരങ്ങളും വെച്ചുകൊണ്ടിരിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണതു്. അതിൻറെ സകലാധികാരങ്ങളും ഞങ്ങളുടെ മന്ത്രിക്കായിരിക്കണം. കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റിൽ മോഡൽ പഞ്ചായത്തുകൾ ഉണ്ടാക്കുന്നതാണ് എന്നു പറഞ്ഞു കുറെ സംഖ്യ നീക്കിവെച്ചിരുന്നു. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ അതു മോഡൽ വില്ലേജ് എന്നായിട്ടുണ്ടു്. മോഡൽ പഞ്ചായത്തിലേക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ലെന്നു മാത്രമല്ല ആ സംഖ്യ എന്തുചെയ്തു എന്നുള്ളതിനും യാതൊരു അറിവും ഇവിടെ തന്നിട്ടില്ല. ആ സംഖ്യ ബാങ്കിലോ മറ്റൊ നിക്ഷേപിച്ചിട്ടുണ്ടെന്നു് പത്രങ്ങളിൽ കാണുകയുണ്ടായിട്ടുണ്ടു്. മുന്നൂറിൽ ചിലപ്രാവശ്യം ആളുകൾ ഉള്ള ഒരു വില്ലേജ് ഒരു മോഡൽ വില്ലേജാക്കുവാൻ ഇപ്പൊഴും വകകൊള്ളിച്ചിട്ടുണ്ടു്. ഇങ്ങിനെനോക്കിയാൽ വളരെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ വേറെയുമുണ്ടു്. ആ സ്ഥലങ്ങളും മോഡൽ വില്ലേജാക്കുവാൻ കുറച്ചു പണം നീക്കിവെച്ചിരുന്നുവെങ്കിൽ ഗവൺമെൻറിനെ അഭിനന്ദിക്കാമായിരുന്നു. ഇങ്ങിനെ ഓരോ ഗ്രൂപാൾകൾക്കും സേവക്കും വേണ്ടി പണം ചിലവാക്കുന്നതു ശരിയല്ല. ജനങ്ങളുടെ ആവശ്യത്തെ നോക്കി വേണം പണം ചിലവാക്കുവാൻ. ഇപ്പോൾ മോഡൽവില്ലേജാക്കിവരാൻ എടുത്തിട്ടുള്ളതു് "പള്ളൂ" എന്ന ഒരു വില്ലേജാണ്. ആ വില്ലേജ് മുഴുവനും ഒരു ജന്മിയുടെ ജന്മമായിട്ടു കിടക്കുകയാണ്. ഇതു് അന്തിക്കാട് നിയോജകമണ്ഡലത്തിൽ പെട്ട ഒരു വില്ലേജാണ്. അവിടെ ഏകദേശം ൩൦൦ ആളുകളോളമേയുള്ളൂ.

മിസ്റ്റർ സി. വി. ഇയ്യു : അതിൽ ചിലവാക്കുന്ന സംഖ്യയിൽ ഒരു ഭാഗം ആ ജന്മി കൊടുക്കാമെന്നു് വെച്ചിട്ടുണ്ടല്ലൊ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : മെറ്റേർണിറ്റി ആൻറ് ചൈൽഡ് വെൽഫെയർ സെൻറേർസ് (Maternity and Child Welfare Centres) മട്ടാസിൽ പല സ്ഥലങ്ങളിലും ഇപ്പോഴും സ്ഥാപിച്ചുവരുന്നതായിട്ടു് കാണുന്നുണ്ടു്. കോയമ്പത്തൂരിലും മൈസൂരിലും നല്ല നിലയിൽ അതുണ്ടാക്കിവരുന്നുണ്ടു്. കോയമ്പത്തൂരിൽ അതു നടത്തിവരുന്ന ഡാക്ടർക്കു് ഒരു കാറും കൂടി കൊടുത്തുവരുന്നുണ്ടു്. ഇവിടെ നാലു സെൻറരുകൾ സ്ഥാപിച്ചു അതിൻറെ പരീക്ഷണം കഴിയുന്നതിനു മുമ്പുതന്നെ രണ്ടെണ്ണം കഴിഞ്ഞ കൊല്ലം നിറുത്തൽ ചെയ്തു. ബാക്കിയുള്ളതു് ഇക്കൊല്ലവും നിറുത്തൽ ചെയ്തു. വൈദ്യപരിശോധനായ ഒരാൾ ഈ സ്ഥാനത്തു് വന്നിട്ടു് അതു ചെയ്തതിലാണ് എനിക്കു് ആക്ഷേപമുള്ളതു്.

അധികൃതരുടെ കാര്യത്തിൽ ഗവൺമെണ്ടു പലതും ചെയ്യുന്നുണ്ടു്. മറ്റൊരു നാട്ടുരാജ്യങ്ങളെ താരതമ്യപ്പെടുത്തിനോക്കിയാലും അധികൃതരുടെ ഉന്നമനത്തിനു വേണ്ടി നമ്മുടെ ഗവൺമെണ്ടു ചെയ്യുന്നതുപോലെ ഒരു ഗവൺമെണ്ടും ചെയ്യുന്നില്ലെന്നു് പ്രത്യക്ഷത്തിൽ കാണാം. അധികൃതരുടെ ഉന്നമനത്തെ ലാക്കാക്കി, അവരുടെ തൊഴിലിനെ കണക്കാക്കിക്കൊണ്ടു് ഗവൺമെണ്ടു് മത്സ്യക്കാപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

ചുരുങ്ങിയ സംഖ്യക്ക് അധഃകൃതരെ എല്പിച്ചുകൊടുത്തിട്ടുണ്ട്. അങ്ങിനെ കൊടുക്കുവാണെങ്കിലും അതു് അവക്ക് ഉപകാരപ്പെടണമെന്ന ഉദ്ദേശം ഗവമ്മെണ്ടിനുണ്ടോ എന്ന സംശയമാണു്. അതിനു് ഒരു ദൃഷ്ടാന്തം ഞാൻ പറയാം. ഇടവമാസത്തിലേ മത്സ്യം പിടിക്കുവാൻ പാടുള്ളു എന്നും പറഞ്ഞു് ഒരു മത്സ്യക്കാപ്പു് ഒരു സ്ഥലത്തു് അവരെ എല്പിച്ചുകൊടുത്തു. കുംഭമാസത്തിൽ വെള്ളം വറിയപ്പോൾ മത്സ്യം പിടിക്കാമോ എന്നു് അവർ ചോദിച്ചു. പിടിക്കാൻ പാടില്ല എന്നു പറകയും ചെയ്തു. ആ തരത്തിൽ ലൈസൻസില്ലാത്ത മറവുള്ളവർ അതിൽനിന്നു മത്സ്യം പിടിച്ചെടുക്കുകയും ചെയ്തു. കരാറിനു് എടുത്തവർ ഇപ്പോൾ പണം കെട്ടുവാൻ കൂടി നിവൃത്തിയില്ലാതെ തീരെ അനാശാസ്യകരമായ സങ്കടത്തിൽ ആയിരിക്കുകയാണു്.

ക്ഷാമനിവാരണത്തിന്നായി ഗവമ്മെണ്ടു പലതും ചെയ്യുവാൻ പോകുന്നതായി ഞാൻ അറിയുന്നു. കണ്ടിജ്ഞാംകടവിൽ പണക്കാരുണ്ടു്. അതുകൊണ്ടു് അവിടെ ക്ഷാമനിവാരണത്തിന്നു ഒന്നും ചെയ്യേണ്ട എന്നു് ഇന്നലെ ഫിഷറി ബഞ്ചിൽനിന്നു പറയുന്നതു കേട്ടു. തോട്ടങ്ങൾ ഒരാൾക്കു സ്വന്തമുണ്ടെങ്കിൽ അവിടെയുള്ള തൊഴിലാളികൾക്കു് വല്ല ഗുണവുമുണ്ടോ? അവിടെ പണക്കാരുണ്ടെന്നു പറഞ്ഞതു തമാശയായിട്ടാണെങ്കിലും എനിക്കു വളരെ സങ്കടമുണ്ടു്. ഞാറക്കലെ കായ്യം പറഞ്ഞപ്പോഴും ദിവാൻപേഷ്കാർ അവർകളും പറഞ്ഞു അവിടെ പണക്കാരുണ്ടെന്നു്. അവിടെയൊക്കെ ചെന്നു കണ്ടാലെ ജനങ്ങളുടെ സ്ഥിതിഗതികൾ അറിയുകയുള്ളു.

റോഡുബോർഡു് പള്ളുരുത്തി ചെല്ലാനം റോഡിന്നു് ഒരു വലിയ സംഖ്യ നീക്കിവെച്ചിരുന്നു. എന്നാൽ "ഇങ്ങിനിവരാതവണ്ണം തെക്കോട്ടു പോയിടിനാൻ" എന്ന പറഞ്ഞപോലെ അതും തെക്കോട്ടു പോയി. യാതൊന്നും അവിടെ ചെയ്തിട്ടില്ല. ആ പണം എന്തു ചെയ്തു എന്നുകൂടി അറിഞ്ഞുകൂടാ. ആ പണം ഏതെങ്കിലും ഇനത്തിൽ ചിലവു ചെയ്തിട്ടുണ്ടെങ്കിൽ അതു് ഞങ്ങളെ അറിയിക്കേണ്ടതല്ലേ? അന്തിക്കാടു് നിയോജകമണ്ഡലത്തിലും കാട്ടൂർ നിയോജകമണ്ഡലത്തിലും ചകരിവ്യവസായം ചെയ്യുന്ന തൊഴിലാളികൾ ധാരാളം ഉണ്ടു്. അവക്കും എന്തെങ്കിലും ഒരു രക്ഷ ഗവമ്മെണ്ടു ചെയ്തുകൊടുക്കണം. പിന്നെ മലവെള്ളപ്പൊക്കംകൊണ്ടും കഷ്ടപ്പെടുന്നതായി ധാരാളമാളുകളുണ്ടു്. അതുകൊണ്ടു് കൊച്ചികണയന്നൂർ താലൂക്കിൽ മാത്രം പോര, കൊച്ചീരാജ്യത്തിന്റെ നാനാഭാഗങ്ങളിലും ക്ഷാമനിവാരണത്തിന്നുള്ള ശ്രമം ചെയ്യുന്നതു് നന്നായിരിക്കും.

Panel Chairman: Time.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സർ, ഒരു മിനിറ്റുകൂടി അനുവദിച്ചാൽ മതി. പഞ്ചായത്തുകളിൽ റിലീഫ് വക്കായിട്ടു് കുറെ വക്കുകൾ റിസവ്വ് ചെയ്തുവെക്കണം. അങ്ങിനെ വെച്ചാൽ അരി കൊടുക്കാതെ കഴിക്കാം. ഗവമ്മെണ്ടിന്റെ പണിയും നടക്കും. അവക്കു റിലീഫുമായി. അല്ലാതെ അരി മാത്രം എപ്പോഴും കൊടുക്കാൻ സാദ്ധ്യമല്ല. ജനങ്ങൾക്കു രക്ഷയുള്ളതായ പ്രവൃത്തികളൊക്കെ ഗവമ്മെണ്ടു ചെയ്യണം എന്നാണു് ഞാൻ അപേക്ഷിക്കുന്നതു്. ജനക്ഷേമകരമായ വെറുമ്പാട്ടക്കുടിയാൻനിയമം, കഷ്ടകാശ്വാസഭേദഗതിനിയമം മുതലായതു് ഉടനെ പാസാക്കുക, മിച്ചം ബഡ്ജറു് മാത്രം കാണിക്കുവാൻ ഉത്സാഹിക്കാതെ, ജനക്ഷേമകരമായിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാം ചെയ്യാമൊ അതൊക്കെ ചെയ്യുക ഇതുമാത്രം ചെയ്യുകഴിഞ്ഞാൽ ഞാൻ കൃതാർത്ഥനായി.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കുട്ടി. മിസ്റ്റർ പ്രസിഡണ്ട് സർ, കൊച്ചി ഗവൺമെണ്ടിനു സ്ഥിരമായ നയത്തോടുകൂടിയ ഒരു ബഡ്ജറുണ്ടാക്കാം; അല്ലെങ്കിൽ ഉണ്ടാക്കുവാൻ കഴിയും എന്ന സംഗതി ഇക്കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി മുമ്പിലത്തെ ബഡ്ജറും ക്രൂപീകരണവും ഇപ്പോഴത്തെ സമ്പ്രദായവും തമ്മിൽ നോക്കുമ്പോൾ സ്ഥിരതയോടുകൂടിയുള്ള ഒരു നയം അംഗീകരിച്ചുകൊണ്ടു മുന്നോട്ടുപോകുവാൻ നമുക്കു സാധിക്കുമെന്നുള്ളതു ഗവൺമെൻറിനെപ്പോലെ ഈ സഭയും അറിയുന്നുണ്ട്. അങ്ങിനെയുള്ള ഒരു സന്ദർഭം ഉണ്ടായിരിക്കുന്നതുകൊണ്ടു നമ്മുടെ ഭാവിയെപ്പറ്റി സ്ഥിരതയോടുകൂടിത്തന്നെ തൊഴിലില്ലാത്തവരുടെ കാര്യത്തിൽ ഇനിയെന്താണചെയ്യേണ്ടതെന്നു ചിന്തിപ്പാനും പ്രവൃത്തിപ്പാനും സൌകര്യമുണ്ട്.

കൊച്ചി രാജ്യത്തു് ഏറെ ലക്ഷത്തിൽപരം ജനങ്ങളുണ്ട്. ഇതിൽ ധനികന്മാരേയും അവരുടെ സ്തുതി ജനങ്ങളേയും—അല്ലെങ്കിൽ ഒരുവിധം നിത്യവൃത്തികഴിപ്പാൻ കഴിവുള്ളവരേയും—നീക്കി ബാക്കി ര് ലക്ഷത്തിൽപരം സാധുക്കൾക്കു തൊഴിലുണ്ടാക്കുവാനുള്ള ഒരു പരിശ്രമം ഇവിടെ ചെയ്യേണ്ടതുണ്ട്. ഇത്രയും ചുരുങ്ങിയ ജനസംഖ്യയുള്ള ഒരു ചെറിയ രാജ്യത്തിൽ—"കൊച്ചിൻ ഹാർബർ" പോലെ പ്രസിദ്ധമായ ഒരു ഹാർബറും വ്യാപാര ബന്ധുകളുമുള്ള ഈ രാജ്യത്തിൽ—തൊഴിലില്ലാത്തവർക്കു് തൊഴിലുണ്ടാക്കി കൊടുപ്പാൻ വളരെ സൌകര്യമുണ്ട്. നമ്മുടെ ഗവൺമെണ്ടു് വ്യവസായപരമായ ഒരു പ്രയാണം ആരംഭിച്ചിട്ടുണ്ടല്ലൊ. ഒരു വ്യവസായം തോൽവിയായിട്ടുണ്ടെങ്കിൽ പിന്നീടുണ്ടായിട്ടുള്ള വ്യവസായങ്ങൾ വിജയകരമായിട്ടുണ്ടെന്നു് കാണുവാൻ കഴിയും. കൊച്ചിൻ ടെക്സ്റ്റൈൽസ് തന്നെ ഇതിനൊരുദാഹരണമാണു്. കൊച്ചിൻ ടെക്സ്റ്റൈൽസിൽ ഗവൺമെണ്ടു് ഗണ്യമായ ഒരു ഷെയർ എടുത്തു് സഹായിക്കയാണു് ചെയ്തതു്. അങ്ങിനെയുള്ള ശ്രമങ്ങൾക്കും പുറമെ ഗവൺമെൻറിൻെറ മേൽനോട്ടത്തിൽ ഇനിയും പല വ്യവസായങ്ങളും വളർത്തിപ്പിക്കണം.

ഇവിടെ നമ്മുടെ ഗവൺമെൻറിൻെറ സാമ്പത്തികനിലയും ജനവിഭാഗങ്ങളിൽ വിദ്യാഭ്യാസവും വളർച്ചയിട്ടുണ്ടെന്നാല്ലാതെ പൊതുവെ ഒരഭിവൃദ്ധി ഇനിയും ഉണ്ടായിക്കഴിഞ്ഞിട്ടില്ല. തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരുന്നു. പട്ടിണിക്കാരുടെ രോദനം നമ്മൾ ഇപ്പോൾ ഇവിടെതന്നെ കേട്ടുകഴിഞ്ഞുവല്ലൊ. ദാരിദ്ര്യം സഹിക്കവയ്യാത്തനിലയിൽ എത്തിയിട്ടുണ്ട്. ഇതിനുവേണ്ട പരിഹാരമാർഗ്ഗം കണ്ടുപിടിക്കേണ്ട ചുമതല ഗവൺമെണ്ടിനുണ്ട്.

ഈ രാജ്യത്തു് ഒരു കടലാസ്സു് വ്യവസായശാല സ്ഥാപിക്കുന്നപക്ഷം അതു വിജയപ്രദമാകുമെന്നു ഗവൺമെണ്ടുതന്നെ, ഒരു ചോദ്യത്തിനു ഈ കൌൺസിലിൽവച്ചു മറുപടി നൽകിയിട്ടുണ്ട്. ദിവാൻ ബാനർജി അവർകളുടെ ഭരണകാലത്തു് അതിനുള്ള പരീക്ഷണങ്ങളും നടത്തുകയും ചെയ്തിട്ടുണ്ട്. ആ സംസ്കൃത സാധനങ്ങൾ കൊച്ചിയിൽ ധാരാളം ലഭിക്കുമെന്നുള്ളതുകൊണ്ടു് അത്തരം വ്യവസായങ്ങൾക്കു പുരോഗമനം സിദ്ധിക്കുമെന്നു് അനുഭവമായിട്ടുണ്ടു്. അതുപോലെതന്നെ പെരിങ്ങൽകുത്തു പദ്ധതിയും എട്ടൊ പത്തൊ കൊല്ലത്തെ സ്കീംവച്ചുകൊണ്ടു് സമാരംഭിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നല്ലനല്ല വ്യവസായങ്ങൾമൂലം നമ്മുടെ രാജ്യത്തെ തൊഴിലാളികൾക്കു് തൊഴിലുണ്ടാക്കുവാനും രാജ്യം അഭിവൃദ്ധിപ്പെടുവാനുമുള്ള മാർഗ്ഗമാണിതു്.

വർ മൈലോളംവരുന്ന ഒരു റെയിൽവെ നമുക്കുണ്ടു്. ഈ റെയിൽവെ വളരെക്കാലമായി വിദേശ കമ്പനിക്കാർ പാട്ടത്തിനേറെടുത്തു നടത്തിവരു

LIBRARY ARCHIVES Kerala Legislative Assembly

ന്നു. ഇതു് ഗവണ്മെൻറു് തിരിച്ചുവാങ്ങി നേരിട്ടു നടത്തണം. കൊച്ചിയിലെ അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവർക്കു് തൊഴിലുണ്ടാക്കി കൊടുക്കുവാനുള്ള മാർഗ്ഗങ്ങൾ ഇതൊക്കെയാണു". ഇക്കാര്യങ്ങളിൽ ഗവണ്മെൻറു് ശ്രദ്ധിക്കണം. ചിസ്തുതമായ ഇത്തരം പദ്ധതികൾ ഗവണ്മെൻറു് നടപ്പിൽ വരുത്തുവാൻ ശ്രദ്ധിക്കാത്ത കാലത്തോളം രാജ്യത്തിനു് ശോഭനമായ ഭാവിയുണ്ടാവുന്നതല്ല. സർ, എൻറെ പ്രസംഗം ദീർഘിപ്പിക്കുവാൻ വിചാരിക്കുന്നില്ല. ഉൾനാടുകളിലെ പട്ടിണിമൂലമുണ്ടായിട്ടുള്ള കഷ്ടപ്പാടുകൾക്കും പുറമെ സൈരമായ നിലയിൽ ജീവിതം നയിക്കുവാൻ കഴിയാത്തവിധം പല ദുരന്തദുരിതങ്ങളുമുണ്ടായിട്ടുണ്ടെന്നുള്ളതു് തീർച്ചയാണു്. നമ്മുടെ നാട്ടിൽ ഉത്തരവാദിത്വഭരണത്തിൻറെ നാന്ദിയായി സംജാതമായിട്ടുള്ള ആ പ്രസിദ്ധമായ ഭരണപരിഷ്കാരത്തിൻറെ ആവിർഭവത്തോടുകൂടി നിസ്സാരമെങ്കിലും ആശ്വാസകരമായ പല പ്രവൃത്തികളും ഉൾനാടുകൾക്കുവേണ്ടി ചെയ്തിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഈ രാജ്യത്തെ ഒരു വെള്ളാനയായി സ്ഥിതിചെയ്തിരുന്ന ഹെൽത്തു് സെൻറർകൾ എടുത്തുകളഞ്ഞതിൽ ഗവണ്മെൻറിനെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുന്നതല്ല. ടി സ്ഥാപനംകൊണ്ടു് ഇന്നാട്ടിലെ പാവപ്പെട്ടവർക്കു് യാതൊരു പ്രയോജനവുമുണ്ടായിരുന്നില്ല. നമ്മുടെ ചിലരുടെ സുഖസൌകര്യാദികൾ മാത്രമല്ല ആശിക്കേണ്ടതു". പാവപ്പെട്ട ഗ്രാമീണരുടേയും കാര്യങ്ങൾ നോക്കണം. ഉൾനാടുകളിലെ പാവപ്പെട്ടവർക്കു പ്രസവ ശുശ്രൂഷാസൌകര്യങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ പ്രസ്തുത വെള്ളാനയെ വധിച്ചതോടുകൂടി കുറെ സൂതികർമ്മണികളെയെങ്കിലും ഗ്രാമങ്ങൾക്കു ലഭിച്ചു. ഇതു് ഞങ്ങൾക്കു് ആശ്വാസത്തെ തരുന്നു. പടിഞ്ഞാറെ തീരങ്ങളിൽ വളരെ തുരുത്തുകളുണ്ടു്. പ്രസവസംബന്ധമായി വല്ല വൈഷമ്യങ്ങളും നേരിട്ടാൽ ഡോക്ടറെ തേടിപ്പിടിച്ചുകൊണ്ടുവരുമ്പോൾ രോഗിയുടെ കഥ കഴിഞ്ഞിരിക്കും. വില്ലേജുകളിലുണ്ടാവുന്ന ഇത്തരം ദുരിതങ്ങളെ ഗവണ്മെണ്ടിൻറെ ദൃഷ്ടിയിൽ പെടുത്തിയിരുന്നു. ജനകീയ മന്ത്രിഭരണം വന്നതോടുകൂടി അതിനുവേണ്ടപരിഹാരംചെയ്തുതന്നെ ഉത്തരവാദിത്വഭരണംകൊണ്ടുള്ള ഗുണത്തിനു ഒരു ഉദാഹരണമായി പറയാം.

ഇനി പഞ്ചായത്തുകളെക്കുറിച്ചാണു് എനിക്കു പറയുവാനുള്ളതു്. ഒരു കാലത്തു് കേൾപ്പോരും കേൾവിയുമില്ലാതെ കിടന്നിരുന്ന ആ ഭരണനിർവ്വഹണത്തിൽ ഇപ്പോൾ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ടു്. അതിനു സൌകര്യങ്ങൾ വരുത്തിയ ദിവാൻജി അവർകളോടു് ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. എന്നാൽ പഞ്ചായത്തുകാക്കുള്ള അധികാരം ഇപ്പോഴും മുൻസ്ഥിതിയിൽതന്നെ ഇരിക്കുന്നതേയുള്ളൂ. പഞ്ചായത്തുകൾക്കു നിശ്ചയിക്കപ്പെട്ടുന്ന മുഴുവൻ പണികളുടെ ടെണ്ടർപോലും അതാതു പഞ്ചായത്തുകൾക്കു് എടുപ്പാൻ അധികാരമില്ല. ൫൦൦ രൂ.യിൽ കൂടുതലുള്ള പണിയാണെങ്കിൽ ആയതു ഡയറക്ടരുടെ ആപ്പീസ്സിൽനിന്നുവേണം ടെണ്ടർവിളിച്ചുകൊടുക്കുവാൻ. തൽമൂലം പഞ്ചായത്തും കൺട്രാക്ടറും തമ്മിൽ യാതൊരു ബന്ധവുമില്ല. പഞ്ചായത്തിൽനിന്നു് ൫൦൦ രൂ. യുടെ പണി നിശ്ചയിച്ചാൽ എസ്റ്റിമേറിൽ അതു് ൫൦൧ രൂ. യായി ടെണ്ടർ വിളിക്കുവാൻ ഹേഡാപ്പീസ്സിലേക്കു പോകുന്നതിൻറെ രഹസ്യം ഇനിയും മനസ്സിലാക്കുന്നതിനു് സാധിച്ചിട്ടില്ല. ഇങ്ങിനെ പല സംഭവങ്ങളും നടക്കുന്നുണ്ടു്. ഞങ്ങളുടെ പഞ്ചായത്താപ്പീസ്സിൻറെ മുൻവശത്തുള്ള ഒരു ചായക്കടപോലും പരിശോധിക്കുവാനുള്ള അധികാരം ഞങ്ങൾക്കില്ല. പട്ടണത്തുത്തിയിലുള്ള ഒരു പഞ്ചായത്തിലെ എതെങ്കിലുമൊരുദ്യോഗം പരിഷ്കരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചു നന്നാക്കുവാനുദ്ദേശിക്കുന്നപക്ഷം, ആ പരിഷ്കാരപദ്ധതിയാകുന്ന ചെടിവള ന്മകണ്ടു സന്തോഷിക്കുവാനുള്ള ഭാഗ്യം ഞങ്ങൾക്കില്ല. അതിനുമുമ്പു് ആ പ്രദേശം മുൻസിപ്പാലിറ്റി കൈകേറി കൊണ്ടുപോകുന്നു. ഈ നയം ഇരിക്കുന്നിടത്തോളംകാലം പഞ്ചായത്തുകളുടെ ഭരണം വിചാരിക്കുന്നതു വിജയപ്രദമാകുന്നതല്ല. അവസാനമായി പഞ്ചായത്തുകൾക്കനുവദിക്കുന്ന സംഖ്യകളുടെ ദൌർല്ലഭ്യംനിമിത്തം പല പണികളും എടുത്തതു പൂർത്തിയാക്കുവാൻ നിവൃത്തിയില്ലെന്ന സംഗതി ഞാൻ ഈ സഭയുടെ മുമ്പാകെ കൊണ്ടുവരുന്നു. ഏതു പഞ്ചായത്തിലെ കാര്യമായാലും അവർ ആരംഭിക്കുന്ന പണികൾ പൂർത്തിയാക്കുവാനുള്ള സൌകര്യങ്ങൾ അതാതു പഞ്ചായത്തുകൾക്കു ചെയ്തുകൊടുക്കേണമെന്നുള്ള അപേക്ഷയോടുകൂടി എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ സി. വി. ഇയ്യു. മിസ്റ്റർ പ്രസിഡണ്ടു സർ, ഉന്നാമതായി ബഹുമാനപ്പെട്ട ദിവാൻജി അവർകളുടെ ഉദ്യോഗകാലാവധി നീട്ടികൊടുത്തതിൽ എന്റെ നിയോജകമണ്ഡലത്തിന്റെ അഭിനന്ദനത്തെ മഹാരാജാവു് തിരുമനസ്സിലെ സന്നിധിയിൽ അറിയിക്കാൻ ഞാൻ ഈ അവസരത്തിൽ അപേക്ഷിക്കുന്നു.

രാജ്യഭരണത്തിന്റെ അടുത്തകൊല്ലത്തെ ബഡ്ജറ്റിന്റെ വിമർശനം ചെയ്യാൻ ഞാൻ കഴിഞ്ഞവർഷം പറഞ്ഞതുപോലെ ഞാനൊരു ധനകാര്യവിദഗ്ദ്ധനല്ല. ധനകാര്യവിദഗ്ദ്ധന്മാരും എന്നേക്കാൾ ഈ വിഷയത്തിൽ പ്രാപ്തന്മാരും ഇവിടെ വേറെ പലരുമുള്ളതുകൊണ്ടു് ആ വിഷയം ഞാൻ തൊടുന്നില്ല. എന്നാൽ ബഡ്ജറ്റുപ്രസംഗം ആ വിഷയത്തിൽ അല്ലാതെയും ആകാമെന്നുള്ളതുകൊണ്ടു് ഞാൻ ഗവൺമെന്റിന്റെ നയത്തെയും ധനകാര്യ ക്രമീകരണത്തെക്കുറിച്ചും മറ്റും വിശദീകരിക്കാനുദ്ദേശിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിൽവച്ചു ദിവാൻജി അവർകൾ പ്രഖ്യാപനം ചെയ്തതനുസരിച്ചു് സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ മൂന്നുകൊല്ലത്തെ ജോലി പരിശോധിച്ചു് അതിന്റെ പ്രവർത്തനം കൂടുതൽ പ്രയോജനകരമാകത്തക്കവണ്ണം നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു കമ്മിറ്റിയെ സൃഷ്ടിച്ചുവിട്ടു. അങ്ങിനെയൊരു കമ്മിറ്റിയെ സൃഷ്ടിച്ചുവിട്ടതിൽതന്നെ എനിക്കാക്ഷേപമുണ്ടായിരുന്നു. ഒരു കട്ടമോഷൻ മുഖേന ആ കാര്യം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുമുണ്ടായിരുന്നു. തലപ്പിള്ളിയിലേയൊ ചിറയരിലേയൊ യാതൊരു പ്രതിനിധിയും എന്നല്ല, ആ പ്രദേശങ്ങളോടു ഏതെങ്കിലുംതരത്തിൽ ജനസാവകാശമൊ സ്ഥാപിതതാല്പര്യങ്ങളോടുള്ള യാതൊരാളും ആകമ്മിറ്റിയിലുണ്ടായിരുന്നില്ലെന്നുള്ളതു ആ കമ്മിറ്റിയുടെ സ്ഥാപനത്തിലുള്ള ഞങ്ങളുടെ പ്രധാന ആക്ഷേപമാണു്. അങ്ങിനെ ഒരു ചിറമ്മനയം സഹികരിക്കാനുണ്ടായ കാര്യമെന്തെന്നു മനസ്സിലാകുന്നില്ല. ആ കമ്മിറ്റിയുടെ പ്രവർത്തനം അവരെ അധികാരപ്പെടുത്തിയതനുസരിച്ചു തൃപ്തികരമായി ചെയ്തിരുന്നിരിക്കണം. എന്നാൽ ഈ കൌൺസിലിൽ ഫ ഫ്രമു-ലെ ബഡ്ജറ്റു സമ്മേളനം മുതൽ സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ നിയമനങ്ങളിൽ സമുദായ പ്രാതിനിധ്യത്തെ കണക്കാക്കുന്നതുപോലെതന്നെ പ്രാദേശിക പ്രാതിനിധ്യത്തെയും അംഗീകരിക്കേണ്ടതാണെന്നു് ഉപക്ഷേപങ്ങൾമൂലവും പ്രമേയങ്ങൾ മൂലവും ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തീട്ടുള്ളതാണു്. വടക്കൻ താലൂക്കുകളിലെ അഭ്യസ്തവിദ്യരായ തെഴിലില്ലാത്തവരുടെ തൊഴിലില്ലായ്മയെ പരിഹരിക്കാനായി പ്രാദേശിക പ്രാതിനിധ്യം വേണമെന്ന ഒരു കാര്യത്തെക്കുറിച്ചു എന്തെങ്കിലും ചെയ്യാൻ ഈ കമ്മിറ്റിക്കു ചുമതലയുണ്ടായിരുന്നില്ല. പ്രാദേശിക പ്രാതിനിധ്യം

LIBRARY ARCHIVES Kerala Legislative Assembly

ന്യൂന പക്ഷങ്ങളെ സംബന്ധിച്ചു നടപ്പിൽ വരുത്താൻ പ്രയാസമാണെന്ന ബഹുമാനപ്പെട്ട ദിവാൻജി നേരിട്ട് എന്നോടും വടക്കൻ താലൂക്കുകളും സന്ദർശിച്ച അവസരത്തിൽ മംഗളപത്രങ്ങൾക്ക് മറുപടിയായി ആ നാട്ടുകാരോടും പറഞ്ഞിട്ടുണ്ട്. എന്നാൽ ഭാഗ്യോഹത്തിനോ ഇതു സംബന്ധിച്ചുള്ള മറ്റംശങ്ങൾക്കൊ അതു അപ്രായോഗികമാണെന്നു് ഇതുവരെ ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞിട്ടില്ല. റോമൻ കത്തോലിക്കർ, ഈഴവർ, നായന്മാർ ഇവരാണ് ഈ രാജ്യത്തിലെ ന്യൂനപക്ഷസമുദായങ്ങൾ. ഇവർക്ക് ഫാ ഠ-നു് ർവ്വ ഉദ്യോഗങ്ങളും കൊടുക്കുന്നുണ്ട്. ഈ ർവ്വ വിതമുള്ള ഉദ്യോഗങ്ങളിൽ അധികവും കിട്ടുന്നതു് കൊച്ചി കണയന്നൂർ താലൂക്കിലുള്ളവർക്കാണു്. ബഹുമാനപ്പെട്ട കണയന്നൂർ ഈഴവ പ്രതിനിധി ഈ അവസരത്തിൽ ഇവിടെ ഇല്ലാതിരിക്കുന്നതിൽ എനിക്കു് അതിയായ വ്യസനമുണ്ടു്. ഈഴവരെ സംബന്ധിച്ചിടത്തോളം പറകയാണെങ്കിൽ അവർക്കു കിട്ടുന്ന ഉദ്യോഗങ്ങളിൽ അധികവും അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലാണു പോകുന്നതു്. ഞാൻ കഴിഞ്ഞതവണ പറഞ്ഞ മാതിരി മിസ്റ്റർ അയ്യപ്പന്റെ നിയോജകമണ്ഡലത്തിലാണു് ഉദ്യോഗവിതരണകാര്യത്തിൽ മുൻഗണന നൽകിയിട്ടുള്ളതു്. കൊച്ചികണയന്നൂർ താലൂക്കിനു പുറത്തുള്ള ഈഴവർ ഉദ്യോഗത്തിനുവേണ്ടി കാത്തിരിക്കേണ്ട. അവരുടെ കുലത്തൊഴിലിൽ പ്രവേശിക്കണമെന്നു് ഞാൻ പരസ്യമായി ഉപദേശിക്കുകയുണ്ടായിട്ടുണ്ടു്. എന്തെന്നാൽ ഇപ്പോൾ വെയിറ്റിങ് ലിസ്റ്റിൽ പെട്ടിട്ടുള്ള ഈഴവർക്കൊക്കെ ഉദ്യോഗം കൊടുത്തു കഴിഞ്ഞതിനുശേഷമെ വടക്കൻ താലൂക്കുകളിൽ പെട്ട ഈഴവർക്കു ഉദ്യോഗം കിട്ടാൻ നിവൃത്തിയുള്ളു. അവിടെയുള്ള ഈഴവരുടെ ജനസംഖ്യാ പ്രാതിനിദ്ധ്യം കൂടി വെച്ചാണു് ഇവിടത്തെ ഈഴവർക്കു് ഉദ്യോഗം കിട്ടുന്നതു്. അതുപോലെ തന്നെയാണു് അവിടത്തെ നായന്മാരുടെ സ്ഥിതിയും ഇരിക്കുന്നതു്. കൊച്ചിരാജ്യത്തിന്റെ അനൌദ്യോഗിക തലസ്ഥാനം വളരെ കാലമായി തൃശ്ശൂരായതുകൊണ്ടും ഇപ്പോഴത്തെ വലിയ ഉദ്യോഗസ്ഥന്മാരുടെ താവാടകം മിക്കതും തൃശ്ശൂരാകുന്നതുകൊണ്ടും, രാജകുടുംബത്തോടു് അടുപ്പമുള്ളവർ അവിടെ ധാരാളം ഉള്ളതുകൊണ്ടും തൃശ്ശൂരിലെ നായന്മാക്കു് ധാരാളം ഉദ്യോഗങ്ങൾ കിട്ടാൻ കഴിഞ്ഞിട്ടുണ്ടു്. കൊച്ചീരാജ്യത്തിലെ ആകെ നായന്മാരുടെ ഉദ്യോഗങ്ങൾ തൃശ്ശൂക്കാർക്കും, എറണാകുളവും തൃപ്പൂണിത്തുറയും ഔദ്യോഗിക തലസ്ഥാനങ്ങളായതുകൊണ്ടു് കണയന്നൂർ താലൂക്കുകാർക്കും മാത്രമാണു് കിട്ടുന്നതു്. എന്നാൽ തലപ്പള്ളി ചിറ്റൂർ മുതലായതാലൂക്കുകളിലെ നായന്മാർ ഉദ്യോഗവിഷയത്തിൽ ഈഴവരേക്കാൾ കുറെകൂടി അധഃകൃതരാണെന്നു പറയേണ്ടിയിരിക്കുന്നു. അതുപോലെതന്നെ റോമൻകത്തോലിക്കരുടെയിടയിലും കിട്ടേണ്ടപങ്കു അവർക്കും കിട്ടേണ്ടതാണു്. തലപ്പള്ളിതാലൂക്കിലെ നായന്മാരുടെ ശതമാനം നോക്കിയാൽ അവർക്കു ൩-൫-൦, അതുപോലെ ചിറ്റൂർ താലൂക്കിലെ നായന്മാർക്കു ൪൫-൦, ഉദ്യോഗങ്ങൾ കിട്ടാൻ അവകാശമുണ്ടു്. എന്റെ വാദം സ്റ്റാഫ് സെലക്ഷൻ ബോർഡിലെ സമുദായ പ്രാതിനിദ്ധ്യമനുസരിച്ചുള്ള ഉദ്യോഗങ്ങൾ പ്രാദേശിക പ്രാതിനിദ്ധ്യമനുസരിച്ചു പങ്കുവെയ്ക്കണമെന്നാണു്. തല്ക്കാലം ന്യൂനപക്ഷ സമുദായങ്ങളുടെ കാര്യത്തിലെങ്കിലും ഈ തത്വമംഗീകരിക്കണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്. അതുകൊണ്ടു ബോർഡിന്റെ ഇന്നത്തെനയമൊന്നു മാറ്റാതെ നിവൃത്തിയില്ല. പ്രാദേശികമായ വാദം അല്ലാതെ ബോർഡിന്റെ പ്രവർത്തനത്തിൽ ഞങ്ങൾക്കു മറ്റാക്ഷേപങ്ങളൊന്നുമില്ല.

തലപ്പള്ളിതാലൂക്കിനെ സംബന്ധിച്ചിടത്തോളം എനിക്കു വേറൊരു സംഗതികൂടി പറയാനുണ്ടു്. അതിനെപ്പറ്റി ഗവൺമെണ്ടിന്റെ അടുക്കൽ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

രേഖാമൂലം അപേക്ഷിച്ചിരുന്നു. അതിനനുയോജ്യമായ സമാധാനവും കിട്ടീട്ടില്ല. അതായതു നിയമസഭാ പ്രാതിനിധ്യവും തലപ്പിള്ളി താലൂക്കിനു കുറവാണു്. ജന സംഖ്യ തോതു നോക്കിയാൽ ഫസ്റ്റ് ഫ്ലോർ തലപ്പള്ളി താലൂക്കിൽ ഫഫ,൦൦൫ ജനങ്ങളുണ്ടു്. ചിറ്റൂർ താലൂക്കിൽ നിന്നു തിരഞ്ഞെടുത്ത പ്രാതിനിധ്യതത്വപ്രകാരം നോക്കിയാൽ തലപ്പിള്ളിതാലൂക്കിലെ നാലുപൊതുനിയോജക മണ്ഡലവും ഒരീഴവ നിയോജകമണ്ഡലവും കൂടി വെച്ചു കണക്കാക്കിയാൽ ൫൫,൦൦൦-ൽ ചിലപ്പോഴും ജനങ്ങൾക്കു തലപ്പള്ളി താലൂക്കിൽ ഒരു പ്രതിനിധിയുള്ളു. ചിറ്റൂർ താലൂക്കിൽ ഫന,൭൦൫ ജനങ്ങൾക്കൊരു പ്രതിനിധിയുണ്ടു്. അതു അവിടത്തെ നോമിനേറ്റഡ് മെമ്പറെ കൂടാതെയാണു്. തൃശ്ശിവപേരൂർ താലൂക്കിലെ ജന്മിപ്രതിനിധിയെ ഒഴിച്ചു നോക്കിയാൽ ഫ൭,൫ ൫൦, ആൾക്കു ഒരു പ്രതിനിധിയുണ്ടു്. കണയന്നൂർ താലൂക്കിൽ ഫൻ,൱ൻ൫ ആൾക്കു ഒരു പ്രതിനിധിയുണ്ടു്. എന്നാൽ തലപ്പിള്ളി താലൂക്കിൽ രണ്ടു പ്രതിനിധികളെകൂടി കൂടുതൽകൊടുക്കുന്നപക്ഷവും ൬ൻ,൦൦൦-ൽ അധികം ജനങ്ങൾക്കു മേലെ ഒരു പ്രതിനിധിയെ കാണുകയുള്ളു. അതുകൊണ്ടു തലപ്പള്ളിതാലൂക്കിനു കുറഞ്ഞപക്ഷം രണ്ടു പൊതുനിയോജകമണ്ഡലങ്ങൾ വഴി രണ്ടു പ്രാതിനിധ്യം കൂടി അനുവദിച്ചു കിട്ടേണ്ടതാണു്. പട്ടണങ്ങൾക്കു അമിത പ്രാതിനിധ്യം കൊടുത്തുവരുന്നതായ ഗവൺമെണ്ടിന്റെ നയം മാറണം. തൃശ്ശിവപേരൂർ പട്ടണത്തിനു മൂന്നു പ്രതിനിധികളുണ്ടു്. വാസ്തവത്തിൽ അതു അധികമാണു്. അതുപോലെ എറണാകുളത്തും രണ്ടു പ്രതിനിധികളുണ്ടു്. എന്നാൽ പൊതുവെയുള്ള പ്രാതിനിധ്യത്തിന്റെ തത്വം നോക്കിയാൽ പട്ടണങ്ങൾക്കല്ല വില്ലേജുകൾക്കാണു കൂടുതൽ പ്രാതിനിധ്യം വേണ്ടതു്. പട്ടണപ്രദേശങ്ങളിൽ അധികാരസ്ഥാനത്തിരിക്കുന്നവരുടെ താമസവും സാന്നിധ്യവുമുള്ളതുകൊണ്ടു അവിടത്തെ കാര്യങ്ങൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്താൻ വലിയ പ്രയാസമില്ല. അതുകൊണ്ടു എനിക്കു ഗവൺമെണ്ടിനോടപേക്ഷിക്കാനുള്ളതു് ഒരുദ്യോഗസ്ഥ കമ്മിറ്റിയെനിയമിച്ചു വരുന്ന തിരഞ്ഞെടുപ്പിനു മുമ്പുതന്നെ ഈ വക ആക്ഷേപങ്ങൾ പുനരാലോചിച്ചു പരിഹാരമുണ്ടാക്കണമെന്നാണു്.

ഇനി ഞാൻ കൊച്ചിഹാർബറിലെ നിയമനങ്ങളെകുറിച്ചു ഗവൺമെണ്ടിന്റെശ്രദ്ധയിൽ കൊണ്ടുവരികയും നിയമനകാര്യങ്ങളിൽ സാരമായ ആക്ഷേപം പ്രകടിപ്പിക്കയുമുണ്ടായിട്ടുണ്ടു്. കഴിഞ്ഞ ആണ്ടിൽ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതു സമുദായ പ്രാതിനിധ്യം നോക്കിയില്ലെങ്കിലും കുറഞ്ഞപക്ഷം കേരളീയർക്കെങ്കിലും ഹാർബറിലെ നിയമനങ്ങൾ കിട്ടണമെന്നാണു്. ഇന്നവിടെ തമിഴരാജ്യത്തിലെ അയ്യങ്കാരന്മാരുടേയും പട്ടന്മാരുടേയും ഭരണമാണു നടക്കുന്നതു്. വലിയ വലിയ ഉദ്യോഗങ്ങൾ മുഴുവൻ അവർക്കുതന്നെയാണു കൊടുക്കുന്നതു്. അവർ പ്രത്യേക വൈദഗ്ധ്യമുള്ളവരായതുകൊണ്ടല്ല. കൊച്ചി ഹാർബറിൽ ഉദ്യോഗം നോക്കാൻ വൈദഗ്ധ്യമുള്ളവരിവിടെതന്നെയുണ്ടു്. അതുകൊണ്ടു കൊച്ചിഗവൺമെണ്ടിനു വല്ല അധികാരവും ചെലുത്താൻ സാധിക്കുമെങ്കിൽ മേലാലെങ്കിലും ഈ കാര്യത്തിൽ ശ്രദ്ധിച്ചാൽ കൊള്ളാം. കൊച്ചിഹാർബറിലെ ഉദ്യോഗങ്ങൾ മുഴുവനും കൊച്ചിരാജ്യത്തിലുള്ളവരാണെങ്കിൽ പട്ടന്മാർക്കുതന്നെ കൊടുത്താലും തരക്കേടില്ല.

ബഹുമാനപ്പെട്ട മുകുന്ദപുരം ഈഴവമെമ്പർ ഹെൽത്ത് സെന്റർ പുനർജീവിപ്പിക്കണമെന്നു പറകയും ബഹുമാനപ്പെട്ട തൊഴിലാളിമെമ്പർ അതു പാടില്ലന്നു എതിർക്കയും ഉണ്ടായി. ഈ കാര്യത്തിൽ ഏകദേശം ബഹുമാനപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ട്ടതൊഴിലാളി മെമ്പറുടെ അഭിപ്രായം തന്നെയായിരുന്നു കഴിഞ്ഞ കൊല്ലത്തിൽ എനിക്കുണ്ടായിരുന്നതു്. ഹെൽത്തുസെൻറർ എടുത്തു കളഞ്ഞു കഴിഞ്ഞപ്പോൾ അതു തീരെ അനാവശ്യമായിരുന്നുവെന്നു് എനിക്കു തോന്നുന്നില്ല. ഹെൽത്തുസെൻററിനുള്ള ഒരു പ്രധാനദോഷം അതു ആസ്പത്രിക്കുസമീപംസ്ഥാപിച്ചു ആസ്പത്രിയുമായി മത്സരിക്കാനിടയായി എന്നുള്ളതാണു്. ഹെൽത്തുസെൻറർ ആസ്പത്രിയുടെ സമീപ്യത്തിൽ നിന്നുകൊണ്ടു സാധുക്കളുടേയും തൊഴിലാളികളുടേയും കേന്ദ്രങ്ങളിലേയ്ക്കു മാററിസ്ഥാപിക്കണം. ആസ്പത്രിയിലെ ലേഡിഡോക്ടറേയോ മറെറാകൊണ്ടുപോകയാണെങ്കിൽ അവക്കു പണം ആവശ്യപ്പെടാം. ഹെൽത്തു സെൻററിലെ ഡോക്ടറെകൊണ്ടുപോയാൽ അവക്കു വല്ലതും കൊടുത്താൽ മേടിക്കാമെന്നല്ലാതെ പണം ആവശ്യപ്പെടാൻ പാടില്ല. അതുകൊണ്ടു ഹെൽത്തുസെൻററിലെ ഡോക്ടറന്മാരെക്കൊണ്ടു സാധുക്കൾക്കു ഗുണമുണ്ടായിരുന്നു. ഹെൽത്തുസെൻറർ എടുത്തുകളയാൻ ആലോചനനടന്നപ്പോൾ ആക്ഷേപം പറയാതിരുന്നതു ആ വിഷയത്തെക്കുറിച്ചു ബഹുമാനപ്പെട്ട മന്ത്രിയുടെ ഗ്രാമീണ സൂതികമ്മിണി പ്രസ്ഥാനത്തെ പരീക്ഷിച്ചുനോക്കേണ്ടതാണെന്നു കരുതിയാണു്. അതുകൊണ്ടു ഹെൽത്തുസെൻററിന്റെ പ്രയത്നം എന്തെങ്കിലും വ്യത്യാസപ്പെടുത്തി പ്രായോഗികമാക്കി തീർക്കാൻ സാധിക്കുമോ എന്നുകൂടി ആലോചിക്കണം.

പോലീസ്സ് സിപ്പാർട്ടുമെൻറിലെ ശിക്ഷകളെ കുറിച്ചു ബഹുമാനപ്പെട്ട മുകുന്ദപുരം ഇടയവമെമ്പർ പറഞ്ഞതിനോടു മുഴുവനും യോജിക്കുന്നില്ല. എന്നാൽ ഇടയകഴിഞ്ഞകൊല്ലത്തെ പോലീസ്സ് ഡിപ്പാർട്ടുമെൻറിന്റെ ഭരണത്തിൽ സ്തുത്യർഹമായ പലസംഗതികളുമുണ്ടെന്നു് എനിക്കറിവുണ്ടു്. എന്നു പറയുന്നതുകൊണ്ടു പോലീസ്സുകമ്മീഷണരുടെ ശിക്ഷാരീതിയെ അനുകൂലിക്കുകയാണെന്നു വിചാരിക്കരുതു്. ശിക്ഷകൾ അല്പംകാഠിന്യം കൂടുതലാണു്. എങ്കിലും അനീതിയായ ശിക്ഷയൊന്നും കൊടുക്കുന്നില്ല. എന്തെങ്കിലും സാധനം കളവുപോയാൽ അതിൻ തുമ്പുണ്ടാക്കാൻ പോലീസുദ്യോഗസ്ഥന്മാർ പണ്ടത്തേക്കാൾ വളരെ കൂടുതൽ ശ്രദ്ധകാണിക്കുന്നുണ്ടു്. അതു കമ്മീഷണരുടെ ഈ ശിക്ഷാക്രമരീതികൊണ്ടുള്ള ഭയം കൊണ്ടുതന്നെയായിരിക്കണം. ഇത്രയും പറഞ്ഞു ഞാൻ അവസാനിപ്പിക്കുന്നു.

<u>മിസ്റ്റർ ബി. എം. പീറർ:</u> മിസ്റ്റർ പ്രസിഡണ്ടു്, സർ, ഈ സഭാമ്പാകെ കൊണ്ടുവന്നിരിക്കുന്ന മിച്ചമുള്ള ഈ ബഡ്ജററിനെ അഭിനന്ദിക്കുന്നതിനു് ഞാൻ മടിക്കുന്നില്ല. എന്തെന്നു വെച്ചാൽ കഴിഞ്ഞ ബഡ്ജററിനെ താരതമ്യപ്പെടുത്തി നോക്കിയാൽ കണക്കു കൊണ്ടു ചില വ്യത്യാസങ്ങൾ ചെയ്തിട്ടുള്ളതല്ലാതെ രാജ്യത്തിന്റെ അഭിവൃദ്ധിയേയോ കർഷകന്മാർക്കും തൊഴിലില്ലാതെ കഷ്ടപ്പെടുന്നവർക്കും ജോലിയുണ്ടാക്കി കൊടുക്കുന്നതിനേയോ പററി ഒന്നും വിശേഷാൽ കാണുന്നില്ല. അതു് ഈ ബഡ്ജററിന്റെ ഓരോ ഹെഡും എടുത്തു നോക്കിയാൽ മനസ്സിലാക്കുവാൻ സാധിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ആദ്യമായി ജനറൽ അഡ്മിനിസ്ട്രേഷൻ വകുപ്പിനെ എടുത്തുനോക്കാം. ൧൯൫൭-ൽ ടി വകുപ്പിൽ ചിലവാക്കിക്കൊണ്ടിരുന്നതു് ൧,൧൭,൦൦൦ ക. യായിരുന്നു. അന്നത്തെ ഗവൺമെൻറിന്റെ ആകെ വരവു് ൯൩,൭൭,൦൦൦ ക. യായിരുന്നു. എന്നാൽ ഇന്നു ടി വരവു ൧,൧൯,൪൯,൦൦൦ ക. യാണു്. അപ്പോൾ മേല്പറഞ്ഞ വകുപ്പിലെ ചിലവു ൫,൭൪,൦൦൦ ക. യായി വർദ്ധിക്കയാണു ചെയ്തതു്. നമ്മുടെ ഗവൺമെൻറിന്റെ ഇന്നത്തെ മൊത്തവരവു കണക്കാക്കിയാൽ ഇതിലേക്കുള്ള ചിലവു ൧,൪൦,൦൦൦ ക. യിൽ കവിയുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

ഏതു തരത്തിലെങ്കിലും നിയന്ത്രിക്കേണ്ടതു് അത്യാവശ്യമാണു്. പൊതുമരാമത്തിലേക്കു ൧൯൩൫-ൽ ചിലവാക്കിയിരുന്ന തുക ൧൫,൦൦,൦൦൦ ക. യായിരുന്നതു് ഇപ്പോൾ ൧൯൩൯ലക്ഷം ഉറുപ്പികയായി കൂടുകയാണു ചെയ്തിട്ടുള്ളതു്. സാധുക്കളായ തൊഴിലാളികൾക്കു് മരാമത്തു പണി കൊണ്ടു് വളരെ രക്ഷ കിട്ടാൻ മാർഗ്ഗമുണ്ടു്. എന്നാൽ ദാരിദ്ര്യത്തിന്റെ അസഹനീയാവസ്ഥയിൽ തുഴഞ്ഞുകുഴയുന്ന അശരണ ലക്ഷങ്ങൾക്കു് എന്തെങ്കിലും ഈ അവസരത്തിൽ ക്ഷാമനിവാരണം വരുത്തുവാനുള്ള മാർഗ്ഗങ്ങളും അടയപ്പെട്ടതായിട്ടാണു് ഈ ബഡ്ജറ്റ് വെളിപ്പെടുത്തുന്നതു്. എന്നാൽ ഏതു പ്രത്യേകാധികാരം ഉപയോഗിച്ചെങ്കിലും ക്ഷാമപീഡിതരായവർക്കു ജോലി കൊടുക്കണമെന്നുള്ളതാണു് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നതു്.

ഇനി എനിക്കു പറയാനുള്ളതു് കൃഷിവകുപ്പിനെപ്പറ്റിയാണു്. കൃഷിവകുപ്പിൽ ആകെയുള്ള ചിലവു് ൧,൭൯,൦൦൦ ക. യാണു്. ഇതിൽ Other charges എന്ന പല ഇനങ്ങളിലായി ൨൦,൧൯൦ ക. യും Miscellaneous എന്ന ഇനത്തിൽ ൯,൭൨൨ ക. യും പെടുത്തി കാണുന്നു. ഇപ്രകാരം ഇനം തിരിക്കാതെ മൊത്തമായി ചിലവു കാണിക്കുന്ന ഈ സമ്പ്രദായം കാര്യക്ഷമതക്കു പറ്റിയതല്ല. കണക്കു ലോകത്തിൽ ഏതു സംശയത്തേയും അഴിക്കുന്ന ഇനങ്ങളുടെ വേരാണു്. Other charges & Miscellaneous ഇത്ര ചുരുങ്ങിയ സംഖ്യ ചിലവാക്കി വരുന്ന ഈ ഡിപ്പാർട്ട്മെൻറ് മേൽപറഞ്ഞ ഇനങ്ങൾക്കു് മുൻഗണന അനുവദിച്ചു കാണുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു.

ഇനി എനിക്കു പറയുവാനുള്ളതു് ഈ രാജ്യത്തിലെ പട്ടിണിപ്പാവങ്ങളായ കൃഷിക്കാരെപ്പറ്റിയാണു്. ഇവരുടെ ആനുകൂല്യത്തിനായി ഗവൺമെൻറ് നടപ്പാക്കിയ നിയമങ്ങളും കർഷകരക്ഷക്കായി സ്ഥാപിച്ച സ്ഥാപനങ്ങളും നടപ്പിൽ വരുത്തിയിരിക്കുന്ന പ്രസ്ഥാനങ്ങളും കഷ്ടപ്പെട്ട വലയുന്ന കൃഷിക്കാരന്റെ ബുദ്ധിമുട്ടുകളെ യാതൊരു പ്രകാരത്തിലും പരിഹരിക്കുന്നതിനു പര്യാപ്തങ്ങളായിട്ടില്ല. ഒരു വെറുമ്പാട്ടക്കുടിയാനാണു് ഇവിടത്തെ സാക്ഷാൽ കർഷകൻ. ഭൂരിപക്ഷം കർഷകരും വലിയ ദേവസ്വങ്ങളുടേയോ എസ്റ്റേറുകളുടേയോ കുടിയാന്മാരാണു". ഈ ദേവസ്വങ്ങളിലും എസ്റ്റേറുകളിലും സിംഹഭാഗവും ഗവൺമെൻറ് മാനേജുമെൻറിലോ സ്വന്തം കയ്യുത്തിലോ ഇരിക്കുന്നവകളാണു്. ഒരേ അവകാശമുള്ള ഈ സ്ഥാപനങ്ങളെ ജാതിജാതിയന്തരമായതോതിൽ പാട്ടം വസൂലാക്കുവാൻ ഗവൺമെൻറനുവദിക്കുന്നതു് ശരിയല്ല. പാട്ടം അടച്ചില്ലെങ്കിൽ റവന്യൂ റിക്കവറി ആക്ടു് പ്രകാരം വസൂലാക്കയും ചെയ്യും. കർഷകന്റെ രക്ഷയ്ക്കായി ഭൂപണയബാങ്കു്, ഋണരഞ്ജനബോർഡ്, കർഷകാശ്വാസ ബില്ലു് ഇവകളും സ്ഥാപിച്ചെങ്കിലും കർഷകന്മാരോടു ജന്മികളും വസൂലാക്കുന്ന പാട്ടം മറ്റാരു പാട്ടമാണൊ എന്നുള്ളതിനെപ്പറ്റി ഒരന്വേഷണവും നടത്തിട്ടില്ല. പാട്ടബാക്കിക്കു വേണ്ടി അവരുടെ ഉള്ള വസ്തുക്കൾ വില്പന ചെയ്യുകയാണു് ചെയ്യുന്നതു". അതുകൊണ്ടു ഞാൻ ഗവൺമെൻറിനോടപേക്ഷിക്കുന്നതു് കുറെക്കാലത്തേക്കെങ്കിലും ഈ വില്പന സമ്പ്രദായം നിറുത്തിവെക്കണമെന്നാണു്.

ഇനി എനിക്കു പറയുവാനുള്ളതു് പഞ്ചായത്തു വകുപ്പു് എൻറെ നിയോജകമണ്ഡലത്തോടു ചെയ്യുവരുന്ന അനീതിയെപ്പറ്റിയാണു്. കൊച്ചി സംസ്ഥാനത്തു ജനബാഹുല്യം കൊണ്ടു പ്രഥമസ്ഥാനത്തെ അർഹിക്കുന്ന പ്രദേശങ്ങളാണു് കൊച്ചി അഴിക്കു് തെക്കോട്ടും വടക്കോട്ടും കിടക്കുന്ന തീരപ്രദേശ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ. നികുതിഭാരം നോക്കിയാലും ടി പ്രദേശങ്ങൾ മുൻഗണന അർഹിക്കുന്നുണ്ടെന്നു പറയാതെ നിവൃത്തിയില്ല. എന്റെ നിയോജകമണ്ഡലത്തിൽ നാല് പഞ്ചായത്തുകളാണുള്ളത്. ടി പഞ്ചായത്തുകൾക്ക് ഒറിജനൽ പണിക്കായി കിട്ടുന്ന തുക ബാക്കി പഞ്ചായത്തുകളുമായി തുലനപ്പെടുത്തിയാൽ താരതമ്യേന കുറവാണെന്നു ബോദ്ധ്യപ്പെട്ടതാണ്. എന്നാൽ ഇതേക്കുറിച്ച് കഴിഞ്ഞ രണ്ടു കൊല്ലങ്ങളായിട്ട് മുറവിളി കൂട്ടിക്കൊണ്ടിരിക്കയാണെന്ന് പുതുതായി ഇവിടെ ധരിപ്പിക്കേണ്ടതില്ല. ഇക്കാര്യത്തിലേക്കുള്ള എന്റെ അഭ്യർത്ഥനകൾ കേവലം വനരോദനമായി കലാശിച്ചു. പള്ളുരുത്തി പഞ്ചായത്തിന്റെ മുന്നു കൊല്ലത്തെ കണക്കെടുത്താൽ പാതി വീതം കഴിച്ചു മറിനങ്ങൾക്കായി ഒരു പൈ പോലും ഇല്ലെന്നുള്ള വസ്തുത വ്യസനസമേതം പ്രസ്താവിച്ചുകൊള്ളുന്നു. ഈ ദുരവസ്ഥക്കുള്ള കാരണം ആ വില്ലേജ് നിവാസികൾക്കും അവിടത്തെ പഞ്ചായത്തുകാർക്കും തുടരെ മുന്നു കൊല്ലമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന എനിക്കും അജ്ഞാതമാണ്. വിപുലമായ ഭരണഭാരം കയ്യേറ്റിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ പതിയാഞ്ഞിട്ടോ മറേറതൊ ഗ്രഹശകതികളുടേ കുതന്ത്രങ്ങളൊ എന്നു് അന്വേഷിച്ചറിയേണ്ടിയിരിക്കുന്നു. പഞ്ചായത്തു വകുപ്പിൽ നിന്നു മാതൃകാ പഞ്ചായത്തിനുവേണ്ടിയും കഴിഞ്ഞ രണ്ടു കൊല്ലങ്ങളിൽ Concentration works for Panchayats നു ഭീമമായ സംഖ്യ ചിലവാക്കി. എന്നാൽ തീരപ്രദേശങ്ങളിൽ ഒരു പഞ്ചായത്തിനെങ്കിലും ടി ഭാഗ്യം ലഭിപ്പാൻ യോഗമുണ്ടായില്ലെന്ന വസ്തുതയും ഞാൻ സഭയെ ധരിപ്പിക്കുന്നു. ആരുടെ അവകാശത്തെയും കവർന്നെടുത്തു് ഞങ്ങൾക്കു തരണമെന്നാവശ്യപ്പെടുന്നില്ല. സമുദായ നീതി പാലിച്ചുപോരുന്ന ഗവർമ്മെൻറ് രാജ്യനീതി പാലിക്കാനാണു് ഞാൻ വിനീതമായി അപേക്ഷിക്കുന്നതു്. കുത്തക സമുദായമെന്ന പേർ മാറിനിൽക്കുന്നിയപ്പോൾ തൽസ്ഥാനത്തു് കുത്തക പഞ്ചായത്തുകളാണു് തഴച്ചുവളർന്നുവരുന്നതു്. ഓരോ പഞ്ചായത്തുകളിലേക്കും സംഖ്യ അനുവദിക്കുന്ന അവസരത്തിൽ അടുത്തു കഴിഞ്ഞ കൊല്ലങ്ങളിൽ ആ പഞ്ചായത്തുകളിൽ ചിലവാക്കീട്ടുള്ള തുക കൂടി ആലോചനാവിഷയമായിരിക്കണമെന്നുഞാൻ ബഹുമാനപ്പെട്ട മന്ത്രി അവർകളെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

സർ, അത്യാവശ്യമായി എനിക്കിനി പറയേണ്ട മറെറാരു സംഗതി നമ്മുടെ രാജ്യത്തു് ഒട്ടാകെ ബാധിച്ചിട്ടുള്ള ക്ഷാമത്തെപ്പറ്റിയാണു്. നമ്മുടെ കണ്ണുകളെ കേൾപ്പിക്കാറും കേൾവിയുമില്ലാത്ത ഗ്രാമങ്ങളിലേക്കു ഒന്നു എത്തിക്കുക. അവിടെകാണുന്ന പരിതാപകരമായ കാഴ്ചയും കേൾക്കുന്ന ദയനീയ സ്വരങ്ങളും അത്യന്തം പരിഭ്രമജനകമത്രെ. രണ്ടും മൂന്നും ദിവസങ്ങളായി ക്ഷണം കഴിക്കാത്തവരുടെ തുക ഒട്ടും കുറവല്ല. ആ പ്രദേശങ്ങളിൽ ഒട്ടിയ മുഖത്തോടും കുഴിഞ്ഞ കണ്ണുകളോടും കൂടിയല്ലാത്ത ചിലരെ മാത്രമേ കാണ്മാൻ സാധിക്കയുള്ളൂ. നമ്മുടെ, നമ്മുടെയുടെ പിള്ളാക്കാണ് ഒരു കുഡുംബത്തിന്റെ ഒരു ദിവസത്തെ ക്ഷണം എന്നു ഞാൻ പറയുന്നതു് ടി സ്ഥലങ്ങൾ സന്ദർശിച്ച നമ്മുടെ മുമ്പാകെ ട്രഷറി ബഞ്ചിലുള്ള മൂന്നു ബഹുമാനപ്പെട്ട മെമ്പർമാക്കെങ്കിലും അതിശയോക്തിയായിരിക്കയില്ല. നമ്മുടെ രാജ്യത്തുള്ള തൊഴിലാളികളുടെ ക്ഷമയെ പരീക്ഷിക്കുന്ന ഒരു പ്രസരമായിട്ടാണു് എനിക്കു തോന്നിപ്പോകുന്നതു്. ഇതുയെല്ലാം ദാരിദ്ര്യം അനുഭവിക്കുന്നുണ്ടെങ്കിൽതന്നെയും അവരുടെ രാജഭക്തിക്കൊ യജമാനപ്രീതിക്കൊ യാതൊരു ഭംഗവുമില്ല. ഇനിയും അവരുടെ ദീനസ്വരങ്ങൾക്കു് നാം ചെവി കൊടുത്തില്ലെങ്കിൽ ആയതു് റഷ്യയിലെ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളെ നാം ക്ഷണിച്ചുവിടുത്തുക

LIBRARY ARCHIVES Kerala Legislative Assembly

യായിരിക്കും ചെയ്യുന്നതു്. അവക്കു സൌജന്യം കിട്ടണമെന്നല്ല. പിന്നയൊ ജോലി കൊടുക്കണമെന്നാണു് അവരുടെ അഭ്യർത്ഥന. സൂയ്സ്മനത്തിലെ കിലും നാലണ കുടുംബത്തിൽ കൊണ്ടുപോകുന്നതിന്നുവേണ്ടി മണ്ണു ചുമക്കാ നൊ, കല്ലു ചുമക്കാനൊ, മലം ചുമക്കാനൊ നമ്മളെത്തന്നെ ചുമക്കാനൊ എന്തി ന്നും അവർതയ്യാറാണു്. അവക്കു നാലണയുടെ അരിമാത്രം കൊടുത്താൽമതി. ഇത്രയും പരിമിതമായ ഒരാവശ്യംസാധിച്ചുകൊടുക്കേണ്ടതു് ഗവമ്മെൻറിന്റെ അത്യാവശ്യമായ കടമയല്ലേ? ഗവമ്മെൻറിന്റെ ഖജനാവിൽ പണമില്ലെ കിൽ ഇക്കായ്ത്തിലേക്കു ഒരു നികുതിഭാരം കൂടി താങ്ങാൻ ഇവിടത്തെ പൌ രാവലി സന്നദ്ധമാണു്. പക്ഷെ ഉയന്ന ഉദ്യോഗസ്ഥന്മാരുടെ വമ്പിച്ച ശമ്പളത്തുക വെട്ടിക്കുറച്ചതിനുശേഷമെ ഇതിന്നിറങ്ങാവൂ. യുദ്ധത്തിന്റെ മുല് നൃത കണ്ടു് ദിവാൻജി അവർകളും ഇവിടത്തെ പൌരപ്രധാനികളുടെ ഒരു യോഗം വിളിച്ചുകൂട്ടിയ ആ മന്ദിരത്തിൽവെച്ചു തന്നെ ഭീമമായ ഒരു സംഖ്യ പിരിച്ചെടുക്കാൻ കഴിഞ്ഞു. എന്നാൽ അതിലും അടിയന്തിരമായ ഇക്കായ്ത്തിലേക്കും ധീരതയോടെ പുറപ്പെടേണ്ടതാണു്. അതിന്നു കൊച്ചിയിലെ പൌരാവലിയുടെ പിൻതുണയും സഹായവും ഉണ്ടാകുമെന്നുള്ളതു് തീച്ച യാണു്.

ഇനി എനിക്കു പറയുവാനുള്ളതു് മട്ടാഞ്ചേരി മുതൽ ചെല്ലാനംവരെയു ള്ള റോഡിനെപ്പറ്റിയാണു്. അനവധികാലത്തെ നിരന്തര പരിശ്രമത്തി ന്റെ ഫലമായിട്ടാണു് ആ റോഡു് റോഡുബോർഡിന്റെ പരിധിയിൽ പെ ടുത്തുകയും, റോഡു ബോർഡിൽ നിന്നും അതിന്റെ പണി ഉടനെ തുടങ്ങത്ത ക്കതരത്തിൽ സമ്മതിക്കുകയും ചെയ്തിട്ടുള്ളതു്. എന്നാൽ എന്തു കാരണത്താ ലാണു് ആ റോഡു പണി നടത്താതെ നിറുത്തലാക്കിയതെന്നുള്ളതു് ഇപ്പോഴും അജ്ഞാതമായിട്ടാണിരിക്കുന്നതു്. ഈ റോഡിന്റെ കാര്യം ഗവമ്മെൻറിനോ ടു പറയുമ്പോൾ അതെല്ലാം റോഡു ബോർഡിൽ നിന്നും തീച്ചയാക്കേണ്ട സം ഗതികളാണെന്നു പറയും; റോഡു ബോർഡുള്ളതുകൊണ്ടു് ഗവമ്മെൻറ് നേരിട്ടു് ആ പണി നടത്തുകയുമില്ല. ഇങ്ങിനെയായാൽ പിന്നെ ഞങ്ങൾ ഈ കാര്യം ആരുടെ അടുക്കലാണു പറയേണ്ടതു്? ഒന്നുകിൽ റോഡു ബോർ ഡിന്റെ ശുപാർശയനുസരിച്ചുള്ള പണികൾ നടത്തുവാൻ ഗവമ്മെൻറ തീച്ച യാക്കണം; അതല്ലെങ്കിൽ റോഡു ബോർഡു് തന്നെ വേണ്ടന്നുവെച്ചു് ആ പണികളെല്ലാം ഗവമ്മെൻറ നടത്തണം. ഈ റോഡു് പണി നടത്തു വാൻ തീച്ചയാക്കുകയും റോഡു ബോർഡിൽ നിന്നും ചെയ്യ ശുപാർശയനുസ രിച്ചു് പണി നടത്താതെ പെട്ടെന്നു് ആ തീരുമാനം നിറുത്തലാക്കുകയും ചെയ്ത അജ്ഞാതമായിരിക്കുന്ന ശക്തിയെക്കുറിച്ചാണു് വളരെ സംശയമുള്ള തു്. അതുകൊണ്ടു് റോഡുബോർഡിൽ നിന്നും ശുപാർശചെയ്യുന്ന പണി കൾ നടത്തുവാനുള്ള അധികാരം റോഡു ബോർഡിനു തന്നെ വിട്ടുകൊടുക്കണ മെന്നാണു് ഞാൻ സഭയെ ധരിപ്പിക്കുന്നതു്.

ഇതിനുംപുറമെ ഞാൻ എല്ലാ ബഡ്ജറ്റു പ്രസംഗങ്ങളിലും ഓർമ്മിപ്പിക്കു ന്ന ഒരു പ്രത്യേക സംഗതിയായ കടലാക്രമണത്തെക്കുറിച്ചു് എനിക്കു ചിലതു പറയുവാനുണ്ടു്. ബഹുമാനപ്പെട്ട മന്ത്രി അവർകളും ദിവാൻപേഷ്കാർ അ വർകളും ചീഫു് എഞ്ചിനീയർ അവർകളും കഴിഞ്ഞയവസരത്തിൽ അവി ടെ വന്നിരുന്നപ്പോൾ ഇതിനെപ്പറ്റിയുള്ള ജനങ്ങളുടെ സങ്കടങ്ങളും ആ വലാതികളും എത്രമാണ്ടു മനസ്സിലാക്കിയിരിക്കുമെന്നാണു് എന്റെ പൂർണ്ണ മായ വിശ്വാസം. അനാവശ്യ കാര്യങ്ങൾക്കായി എത്രയോ സംഖ്യ

LIBRARY ARCHIVES Kerala Legislative Assembly

കും ബഡ്ജറിൽ കൊള്ളിച്ചു് ചിലവിടുന്നുണ്ടു്. അതുപോലെയുള്ള ഒരാവശ്യം മാത്രമല്ല ഇതു്. ഇതു് ഏറ്റവും അത്യാവശ്യമായിട്ടുള്ള ഒരു കാര്യമാണു്. ഞങ്ങൾക്കു് ആഡംബരത്തിനു വേണ്ടിയല്ല ചോദിക്കുന്നതു്. ഇന്നു ഞാൻ ഇവിടെനിന്നു വീട്ടിൽ ചെല്ലുമ്പോൾ എന്റെവക തെങ്ങുകളിൽതന്നെ എത്രയെണ്ണം നശിച്ചിട്ടുണ്ടായിരിക്കുമെന്നുള്ളതു് ഇപ്പോൾ ആലോചിപ്പാൻ പോലും സാധിക്കുന്നതല്ല. എത്രപുരകളാണു് അവിടെനിന്നു പൊളിക്കുവാനിടയായിട്ടുള്ളതെന്നുള്ളതും സംശയഗ്രസ്തമായിട്ടാണിരിക്കുന്നതു്. തെങ്ങുകൾ ഈ നിമിഷത്തിലും വീണുകൊണ്ടാണിരിക്കുന്നതു്. ഇതു് ജനങ്ങൾക്കു തന്നെയല്ല ഗവൺമെന്റിനും വലിയൊരു നഷ്ടമായിട്ടുള്ളതാണു്. ഇങ്ങിനെയുള്ള സ്ഥലങ്ങളെ സൂക്ഷിക്കുവാനാണു് ഗവൺമെന്റു പ്രത്യേകം ശ്രദ്ധിക്കേണ്ടതു്. അതിനുവേണ്ടി ൻ,൦൦൦ രൂപാ ബഡ്ജറിൽ കൊള്ളിച്ചിരിക്കുന്നു. ഈ ൻ,൦൦൦ രൂപാകൊണ്ടു് എത്ര സ്ഥലങ്ങളെയാണു സംരക്ഷിപ്പാൻ സാധിക്കുക എന്നതു ബഹുമാനപ്പെട്ട ചീഫ്എഞ്ചിനീയർ അവർകൾക്കുതന്നെ അറിയാം. ഇന്നത്തെ കൊച്ചി സർക്കാരിന്റെ സാമ്പത്തിക സ്ഥിതി നോക്കിയാൽ ഈ വക കാര്യങ്ങൾക്കു് ഇതിലും കൂടുതലായ ഒരു തുക ചിലവാക്കുവാൻ കഴിയുമെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം. അതുകൊണ്ടു് കൂടുതൽ സംഖ്യയനുവദിച്ചു് വേണ്ടത്തക്കതരത്തിലുള്ള പരിരക്ഷകൾ ചെയ്യണമെന്നു ഞാനപേക്ഷിക്കുന്നു. ഇത്രയും കാര്യങ്ങൾ ഞാൻ ഗവൺമെന്റിന്റെ ദൃഷ്ടിയിൽ അടിയന്തിരമായിപെടുത്തിക്കൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ഞാൻ എഴുന്നേറ്റതു് ആരേയും അഭിനന്ദിക്കുവാൻവേണ്ടിയല്ലെന്നു് ആദ്യമേതന്നെ പറഞ്ഞുകൊള്ളട്ടെ. അങ്ങിനെയാതൊരു അഭിനന്ദനത്തിന്റേയും ആവശ്യം ഞാനിവിടെ കാണുന്നില്ല. ഒരു കൊല്ലത്തെ കണക്കു തയ്യാറാക്കുന്നതിനു് ഇത്രയും അഭിനന്ദിക്കണമെങ്കിൽ ചുരുങ്ങിയതു് ഒരു പന്ത്രണ്ടുകൊല്ലത്തെകണക്കു തയ്യാറാക്കുകയാണെങ്കിൽ എത്രമാത്രം അഭിനന്ദിക്കേണ്ടിവരുമെന്നുള്ളതിനും ഒരു കണക്കില്ല. ഒന്നിൽ ചിലപ്പോൾ കോടി ഉറുപ്പികയുടെ ഒരു കണക്കു തയ്യാറാക്കുന്നതിനു് അഞ്ചാറു ദിവസംകൊണ്ടു സാധിക്കും; അതിനു് വലുതായിട്ടുള്ള അഭിനന്ദനത്തിനൊന്നും ഞാൻ വഴികാണുന്നില്ല. നികുതി പിരിക്കുന്നതും അതിൽനിന്നും ചിലവുകഴിച്ചു് കുറെ ഉറുപ്പിക ബാക്കിവെക്കുന്നതും ഒന്നും ഒരു വലിയ സാമർത്ഥ്യമായിട്ടു വിചാരിക്കുവാനില്ല. നാട്ടുകാരുടെ ആവശ്യങ്ങൾ നിവൃത്തിക്കുവാൻവേണ്ടി കുറെ കടം വാങ്ങി; ആ വക ജോലികൾ തീർത്തായി നടത്തി എന്നുണ്ടെങ്കിൽ അതിൽ അഭിനന്ദിക്കുവാൻ ഞാൻ തയ്യാറാണു്. അതൊന്നും ചെയ്തിട്ടില്ല. എന്റെ അഭിപ്രായത്തിൽ ക്ഷാമം നിമിത്തം പലദിക്കുകളിലേയും ആളുകൾ വളരെ കഷ്ടപ്പെടുന്നുണ്ടു്. വരവും ചിലവും ഇത്ര കണിശമായിട്ടു തീർച്ചപ്പെടുത്തിയതുകൊണ്ടൊന്നും ആ കഷ്ടപ്പാടിനു കുറവു വരുത്തുവാൻ സാധിക്കുകയില്ല. ഒരാൾ ഇവിടെ പറയുകയുണ്ടായി ഒരാളുടെ ജന്മം ഉള്ളടിക്കിൽ പരിഷ്കാരം ആവശ്യമില്ല എന്നു്.. എന്റെ അഭിപ്രായം പറയുകയാണെങ്കിൽ ഈ എറണാകുളം പട്ടണം പരിഷ്കരിച്ചതുപോലെ ഇത്ര വിഡ്ഢിത്വം വേറെ ഒന്നുംതന്നെയില്ല. (ഹിയർ, ഹിയർ) എന്തിനായിട്ടാണു് ഇവിടെ ഇത്രപണം ഗവൺമെന്റു ചിലവാക്കിയതു്? പണം ചിലവാക്കേണ്ടതാരും ഒരാൾക്കു വന്നുചേരുകയാണെങ്കിൽ അയാളുടെ അശ്രദ്ധ അതിൽ ധാരാളം കണ്ടുവെന്നുവരും. അവിടെ പരിഷ്കരിക്കുവാൻ ആരുമില്ലെങ്കിൽ പിന്നെ അവിടെയുള്ള ആളുകളെല്ലാം അവിടംവിട്ടുപോകയേ തരമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിലേക്കു വേണ്ടി അസംഖ്യം ഉരുപ്പിക ഗവൺമെൻറ് ചിലവുചെയ്യുന്നുണ്ട്. എൻെറ നിയോജകമണ്ഡലത്തിൽപെട്ട ഏതാനും ഭാഗങ്ങളിൽ പഞ്ചായത്തുകാർ യാതൊരു റോഡുപണികളും നടത്തുന്നില്ല. ഇപ്പോഴത്തെ നിലയിൽ റോഡുപണികൾക്കായി സംഖ്യ ചിലവാക്കുന്നതിലും ഭേദമാണ് കക്കടകമാസത്തിൽ അരി കൊടുക്കുക എന്നുള്ളതു്. ൭൦൦ ഉരുപ്പിക റോഡ് മെയിൻറനൻസ്സിനു കൊടുക്കുന്നുണ്ടെങ്കിലും ആ ഭാഗങ്ങളിലേക്കുവേണ്ടി ചിലവിടുന്നതു വെറുതെ വ്യർത്ഥമായിട്ടാണു കാണപ്പെടുന്നതു്. ഹെൽത്തു സെൻറർ സ്ഥാപിച്ചതിനേക്കാൾ മോശമായിട്ടാണ് അവിടത്തെ റോഡുവക്കിൻെറ സ്ഥിതി. റോഡു മെയിൻറനൻസ്സിൻെറ കാര്യം ആലോചിക്കുകയാണെങ്കിൽ വളരെ രസകരമായിട്ടാണിരിക്കുന്നതു്. റോഡു നന്നാക്കുവാനുള്ള സാമാനങ്ങൾ ശേഖരിക്കുന്നതിനു് ൬ മാസം; പിന്നെ ൪ മാസം അതു വാരിവിരിക്കുവാനുള്ള താമസം; ഈ രണ്ടു ബുദ്ധിമുട്ടും കഴിഞ്ഞാൽ പിന്നെ ആ റോഡിൽകൂടി നടക്കുവാനൊ യാതൊരു വിധത്തിലും ഉപയോഗിക്കുവാനൊ തരപ്പെടുകയില്ല. ഒരിക്കൽ ചീഫ് എഞ്ചിനീയർ അവർകൾ പറകയുണ്ടായി അങ്ങയുടെ കാർ വളരെ ചെറുതാണല്ലൊ എന്നു്. ൪,൦൦൦-൦ പതിനായിരവും ഉരുപ്പികക്കുള്ള കാറിൻെറ യോഗ്യത എൻെറ കാറിനു് ഇല്ലെന്നു ഞാൻ സമ്മതിക്കാം. ആ റോഡിൽകൂടി കാറിൽ പോകുന്ന ബുദ്ധിമുട്ട ഞാൻ നല്ലവണ്ണം അനുഭവിച്ചിട്ടുണ്ടു്. സംഗതിവശാൽ ഒരിക്കൽ ചീഫ് എഞ്ചിനീയർക്കു് അതുവഴി ചെറിയ കാറിൽ പോകുവാനിടയായി. അതിൻെറ ബുദ്ധിമുട്ടു് അദ്ദേഹത്തിനും മനസ്സിലായിട്ടുണ്ടു്. എനിക്കു് ചെറിയ കാറിൽ പോകേണ്ടിവരുന്നതുകൊണ്ടു് വലിയ കാറിൽ സഞ്ചരിക്കുന്നവരെ ഞാൻ ആക്ഷേപിക്കുകയല്ല ചെയ്യുന്നതു്. അതു് എങ്ങിനെയായാലും അവിടെ ചുങ്കം വെച്ചിരിക്കുന്നതിൻെറ നിലയിൽ യാതൊരു മാറ്റവും വരുത്തിട്ടില്ല. അയിനാൽ ഉരുപ്പിക കൊടുത്തു വാങ്ങിച്ച കാറായാലും അയ്യായിരം ഉരുപ്പിക കൊടുത്തു വാങ്ങിച്ച കാറായാലും ഫീ അണ്ണാ ടോൾ കൊടുക്കണം. റോഡിൻെറ കാര്യം ആലോചിക്കുമ്പോൾ ആണ് വലിയ കഷ്ടത തോന്നുന്നതു്. മുമ്പു് തിരുവിതാംകൂറിലെ റോഡാണ് മെച്ചം. അതിലും കൂടെ മോശമാണ് കൊച്ചിയിലെ റോഡു്. അതിനേക്കാൾ മോശമാണ് ബ്രിട്ടീഷു് മലബാറിലെ റോഡുകൾ. ഇപ്പോൾ നേരെമറിച്ചാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരിക്കലുമില്ല, റോഡ് മെച്ചമായിട്ടുള്ളതു കൊച്ചിയിലാണ്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ആയിക്കൊള്ളട്ടെ. അതിനു ഞാൻ എതിരുപറയുന്നില്ല.

റോഡു മെയിൻറനൻസ്സിനുള്ള സംഖ്യ കൂട്ടേണ്ട എന്നു ഞാൻ പറയുന്നില്ല. റോഡു നന്നാക്കിയതിനുശേഷമല്ലാതെ പണം കൊടുക്കരുതെന്നുമാത്രമെ എനിക്കപേക്ഷയുള്ളു. ദിവാൻജി അവർകളുടെ പ്രസംഗത്തിൽ പറകയുണ്ടായി സ്കൂൾ കെട്ടിടങ്ങളുടെ ആവശ്യത്തിനായിട്ടും മറ്റും ൧,൦൦൦ക. ബഡ്ജറ്റിൽ നീക്കിവെച്ചിട്ടുണ്ടു് എന്നു്. അതുകൊണ്ടു് യാതൊരു അപകടവും വരുവാനില്ലെങ്കിലും സാമാനങ്ങൾ വാങ്ങുവാനും സിമൻറു മുതലായവക്കും ചിലവാക്കികഴിയുമ്പോൾ ആ സംഖ്യയുടെ മുക്കാൽ ഭാഗവും തീരുവാനേ വഴിയുള്ളു. പിന്നെ കൂലിക്കാക്കു രണ്ടണാ കൂലി കൊടുക്കുവാൻ ആ സംഖ്യ മതിയാകാതെയും വരും. പണം ബാക്കിയുള്ള അവസരങ്ങളിലല്ലാതെ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

പണികളും പൂർത്തിയാക്കുവാൻ സാധിക്കുന്നതല്ല. പ്രത്യേകിച്ചും ക്ഷാമകാലമായതുകൊണ്ട് ശമ്പളം കുറക്കലും മറ്റും നടത്തിപ്പോരുന്നുണ്ട്. ഏഴു ലക്ഷം ഉറുപ്പികയുടെ ആദായം ഉണ്ടാക്കിയാൽ ഒമ്പതുലക്ഷം ഉറുപ്പികയാണ് ചിലവു വരുന്നതു്. അങ്ങിനെ വരുമ്പോൾ രണ്ടു ലക്ഷം ഉറുപ്പിക കടമായിട്ടേ തീരുകയുള്ളൂ.

പിന്നെ സാമുദായികമായുള്ള വാദങ്ങൾ സാധാരണമായി ഇവിടെ എല്ലാവരും പറഞ്ഞുവരുന്നുണ്ട്. ഇവിടത്തെ അനുഭവം പറയുകയാണെങ്കിൽ കരയുന്ന കുട്ടിക്കു മാത്രമേ മുലകൊടുക്കുകയുള്ളൂവെന്ന മട്ടിലാണ് കാണുന്നതു്. കരഞ്ഞില്ലെങ്കിൽ കൊടുക്കുകയില്ല. നമ്പൂതിരിമാർക്കു് ഉദ്യോഗത്തിന്റെ ആവശ്യമെന്താണു്; മറ്റുള്ളവർക്കു പണം ധാരാളമുണ്ടല്ലോ; രാജ്യംതന്നെ അവരുടെയാണെല്ലോ എന്നാണു് പലരുടേയും വിചാരം. അവർക്കു സാധാരണ കിട്ടിവരുന്ന ശമ്പളം മൂന്നുറുപ്പികക്കു് ഒരു ശാന്തിജോലിമാത്രമാണു്. അതിനു പെൻഷനില്ല, ശമ്പളത്തോടുകൂടിയുള്ള അവധിയുമില്ല. അതാണു് കമ്മ്യൂണൽ റപ്രസെന്റേഷനനുസരിച്ചു് വിതത്തിൽ അവർക്കു് അധികം കിട്ടിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവിടെയുള്ള നമ്പൂതിരിമാർ ഉദ്യോഗം സ്വീകരിക്കുവാൻ ഇഷ്ടമില്ലാത്തവരായതുകൊണ്ടല്ലേ ബ്രിട്ടീഷിൽനിന്നും ഒരാളെ ഇവിടെ ഉദ്യോഗത്തിൽ വെച്ചിട്ടുള്ളതു്?

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ഉദ്യോഗം കൊടുക്കുവാൻ തയ്യാറായിട്ടുവേണ്ടേ ഇവിടെയുള്ള ആളുകൾ ഉദ്യോഗത്തിനു വരുവാൻ?

അതുകൊണ്ടു് പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾക്കു് ഉദ്യോഗം കൊടുക്കുന്ന വിഷയത്തിൽ എന്തെങ്കിലും ഒരു പ്രോൽസാഹനം ഗവൺമെന്റു ചെയ്തുകൊടുക്കേണ്ടതാണു്. ഈ സംഗതി ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പലപ്പോഴും കൊണ്ടുവരാറുമുണ്ടു്. ഇതിനെപ്പറ്റി വളരെ ഗൌരവമായി ആലോചിക്കാമെന്നു ഗവൺമെന്റു പറയാറുമുണ്ടു്. പക്ഷെ അതു് അവസാനിക്കാത്തതായ ഒരു ആലോചനയാകുമെന്നുമാത്രമേ എനിക്കു പറയുവാനുള്ളൂ. നമ്പൂതിരിമാർക്കു് വിദ്യാഭ്യാസത്തിലും മറ്റും പല സഹായങ്ങളും അടുത്തകാലത്തു ഗവൺമെന്റിൽനിന്നും ചെയ്തുകൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് ഈ സമുദായം കുറച്ചുകാലംകൊണ്ടു് വിദ്യാഭ്യാസത്തിൽ ഒരു ഉയർന്നസ്ഥിതിയിൽ എത്തുമായിരിക്കാം.

മിസ്റ്റർ. സി. വി. ഐയ്യു: സാമുദായികപരിഷ്കാരത്തിൽ നമ്പൂതിരിസമുദായത്തിനു് ഉയർന്ന നിലയില്ലേ

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ഇപ്പോൾ വിധവാ വിവാഹംവരെ എത്തിട്ടുണ്ടു്. അതൊന്നും ഗവൺമെന്റിന്റെ സഹായമില്ലെങ്കിൽ തന്നെയും നടത്താവുന്ന പരിഷ്കാരങ്ങളുമാണു്.

പിന്നെ ചിറയ്ക്കൽ താലൂക്കു് ഭേദിച്ചാൽ ബാക്കി കൊച്ചി രാജ്യത്തുള്ള സ്ഥലങ്ങളിലൊന്നും കൃഷി സംരക്ഷണം ആവശ്യമില്ലെന്നായിരിക്കാം ഗവൺമെന്റു വിചാരിച്ചിട്ടുള്ളതു്.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: ചിറയ്ക്കൽ താലൂക്കിന്റെ എല്ലാ ഭാഗത്തും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: കൃഷിക്കു" വെള്ളത്തിന്റെ ആവശ്യം അവിടെമാത്രമെ ഗവൺമ്മെൻറ് കണ്ടിട്ടുള്ളു. ബാക്കിയുള്ള സ്ഥലങ്ങളിലെ കൃഷിക്കു് അവരവർതന്നെ വെള്ളംകിട്ടുവാനുള്ള സൌകര്യങ്ങൾ ചെയ്തുകൊള്ളേണ്ടതായിട്ടാണിരിക്കുന്നതു്. ഇക്കൊല്ലത്തെ പുഞ്ചകൃഷിയിൽ നൂറുക്കു് ഒ ഠ ശതമാനം വിളവുപോലും കിട്ടീട്ടില്ലെന്നു ധൈര്യമായി പറയാം. നികുതി കുറക്കേണ്ട കാര്യത്തെപ്പറ്റി പറഞ്ഞപ്പോൾ ഇപ്പോഴത്തെ ഗവൺമ്മെൻറ സിക്രട്ടറിയവർകൾ അന്നു് അതിനു തക്കതായ സമാധാനം പറഞ്ഞിട്ടുമുണ്ടു്. ആയതുകൊണ്ടു് ഇനിയും ആ കാര്യംപറഞ്ഞു് ഇപ്പോഴത്തെ പുതിയ റവന്യൂ മെമ്പരെ ബുദ്ധിമുട്ടിക്കുവാൻ ഞാൻ മുതുന്നില്ല. ഇറിഗേഷൻ നടപ്പിൽ വരുത്തേണ്ട സംഗതിക്കു് ഞങ്ങൾ ഗവൺമ്മെൻറിലെക്കു് എഴുതിയയച്ചിട്ടുള്ള കടലാസുകൾ ഇപ്പോഴും ഗവൺമ്മെൻറിന്റെ കയ്യിൽതന്നെയാണിരിക്കുന്നതു്. ഇതിനു് പരീക്ഷണാർത്ഥം ആയിട്ടെങ്കിലും എന്തെങ്കിലും ഒരു പരിഹാരം വരുത്തേണ്ടതാണു്. അതുകാരണം ഗവൺമ്മെൻറ കൂടുതൽ നികുതി പിരിക്കേണ്ടിവന്നാലും ഞങ്ങൾക്കു വിരോധമില്ല. ഇപ്പോൾ ഗവൺമ്മെൻറിനു് എടുക്കുക, എടുക്കുക എന്ന നയമല്ലാതെ കൊടുക്കുന്ന നയം ഉള്ളതായി കാണുന്നില്ല. (ചിരി) അതുകൊണ്ടു് ഈ കാര്യത്തിൽ എഞ്ചിനീയർ മെമ്പറുടേയും റെവന്യൂ മെമ്പറുടേയും ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

Mr. T. V. Subramania Ayyar *(Nemmara):* Mr. President, Sir, I must begin my remarks by complimenting the Hon'ble Finance Member for presenting a surplus budget this year also. On an occasion like this, it is the usual practice to traverse the many activities of the Government during the past one year and also to anticipate the various activities of the Government during the next year. Meeting as we do under the shadow of a great tragedy in the shape of a European war, several minor points which usually may find a place in a budget speech by a private member may not be appropriate on this occasion. There was a time when I was hesitating as to the mental attitude I should take with regard to the war. But since the happenings of the few months, prior to this and the collapse of France, any doubt in the mind of any patriotic Indian as to his attitude has been changed entirely and I must say on this occasion that our State is bound to help the British Government in all possible ways in the prosecution of the war. Having taken the first step towards responsible Government which itself is a symbol of democracy it is the duty of every person to support with all his might the bulwark of democracy which is England. And modelling our own institutions on the democratic institutions prevailing in England, it is the duty of every one to strive his utmost in order to keep safe those institutions on which we shape our own destinies. Even though we are suffering greatly for want of funds with regard to the nation building departments, in a moment of stress like this I should say the allotment of a lakh of rupees to help the prosecution of the war finds a proper place in our budget and we should not grudge this contribution by our State. However troubled we are owing to the

LIBRARY ARCHIVES Kerala Legislative Assembly

situation overseas, we cannot shut our eyes to the fact that our own position must be made safe.

